12. വല മാത്രം
13. മത്സ്യകൃഷി
14. ഓയിസ്റ്റർ കൃഷി
15. അലങ്കാര മത്സ്യകൃഷി
16. ഉണക്ക മത്സ്യയൂണിറ്റ്
17. ഞണ്ട് കൃഷി
18. ചെമ്മീൻ കൃഷി
19. ഔട്ട് ബോർഡ് മോട്ടോർ
20. തൽക്കാൽ പദ്ധതി 50.000 രൂപയ്ക്ക് താഴെ ചെലവുവരുന്ന സ്വയംതൊഴിൽ പദ്ധതികൾ.

മത്സ്യഫെഡിലെ ജീവനക്കാരുടെ ക്രമവിരുദ്ധമായ പ്രൊമോഷൻ

113 (2392) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിൽ ജീവനക്കാരുടെ ക്രമവിരുദ്ധമായ പ്രൊമോഷൻ നടന്നത് സംബന്ധിച്ച് രജിസ്ട്രാർ നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചുവോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; ഇല്ലെങ്കിൽ നടപടി വൈകുവാനുള്ള കാരണമെന്താണ് ;

(സി) ബഹുമാനപ്പെട്ട മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിക്കെതിരെ റിപ്പോർട്ടിൽ പരാമർശമുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്താമോ ;

(ഡി) റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാമെന്ന് ഉറപ്പുനൽകാമോ ?

ഉത്തരം

(എ) മത്സ്യഫെഡിലെ ജീവനക്കാരുടെ ക്രമവിരുദ്ധമായ പ്രൊമോഷൻ/ റെഷ്യോ പ്രൊമോഷൻ തുടങ്ങിയവ സംബന്ധിച്ച് 1969-ലെ കേരള സഹകരണ നിയമം സെക്ഷൻ 66 പ്രകാരം രജിസ്ട്രാർ നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് അനന്തര നടപടി സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്. കോപ്പി താമസിക്കാതെ ലഭ്യമാക്കാം.

(ബി) റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. വിജിലൻസ് അന്വേഷണം ക്രൈംബ്രാഞ്ച് അന്വേഷണം സർവ്വീസ് കാര്യങ്ങളിൽ വകുപ്പുതല അന്വേഷണം എന്നിവ പരിഗണിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മത്സ്യബന്ധനവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിക്കെതിരെ റിപ്പോർട്ടിൽ പരാമർശമുണ്ട്. മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി ആയി നിയമിക്കുന്നതിനുമുമ്പുള്ള കാലത്തെ സംബന്ധിച്ചാണ് ആഡിറ്റ് റിപ്പോർട്ട് അദ്ദേഹമുൾപ്പെടെയുള്ള ജീവനക്കാർക്ക് അനർഹമായ ഇൻക്രിമെന്റ്/ഗ്രേഡ് പ്രമോഷൻ/ലീവ് സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിയത് തിരിച്ച് പിടിക്കണമെന്ന നിർദ്ദേശമുണ്ട്.

(ഡി) രജിസ്ട്രാർ നൽകിയ റിപ്പോർട്ട് പരിശോധിച്ച് കുറ്റക്കാരെന്ന് കാണുന്നവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ഒരു മീനും ഒരു നെല്ലും പദ്ധതി നടപ്പിലാക്കുന്നവർക്ക് നൽകുന്ന സഹായങ്ങൾ

114 (2393) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "ഒരു മീനും ഒരു നെല്ലും" എന്ന പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ പ്രദേശങ്ങളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിൽ ഇതിന്റെ ഫലം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) തൃശ്ശൂർ കോൾ നിലയങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ പ്രദേശങ്ങളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കുന്ന പാടശേഖര സമിതികൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നുണ്ടോ ; എന്തൊക്കെ സഹായമാണ് നല്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുട്ടനാടൻ പാടശേഖരങ്ങളിൽ നടപ്പാക്കിവരുന്നു.

(ബി) ഫലം വിലയിരുത്തി വരുന്നു.

(സി) ചർച്ചകൾ നടക്കുന്നു.

(ഡി) ഉണ്ട്. നിബന്ധനകൾക്ക് വിധേയമായി മത്സ്യവിത്ത്, മത്സ്യത്തീറ്റ തുടങ്ങിയവ സബ്സിഡി നിരക്കിലും സാങ്കേതിക സാമ്പത്തിക സാഹയങ്ങളും നൽകുന്നു.

ഒരു നെല്ലും ഒരു മീനും പദ്ധതി

115 (2394) ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly